# ഹസ്റത്ത് മിർസാ സാഹിബിൻെറ ക്രമോത്ഗതമായ വാദങ്ങൾ

മൗലാനാ
അബ്ദുല്ലാഹ് സാഹിബ് (റഹ്: അ)

അഞ്ചുമൻ അഹ്മദിയ്യ
പഴയങ്ങാടി

(50 പ.)

അച്ചടി:
വിസ്ഡം പ്രിൻേറർസ്, കണ്ണൂർ 1. ഫോൺ: 4498

Scanned by CamScanner

# രണ്ടു വാക്ക്

★

അഹ്മദിയ്യാജമാഅത്തിന്റെ പരിശുദ്ധസ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഒരു അസത്യവാദിയാണെന്നു വരുത്തുവാൻ, അദ്ദേഹം മുജദ്ദിദിയ്യത്തിന്റെ വാദത്തിൽനിന്ന് ക്രമത്തിൽ ക്രമത്തിൽ ഉയർന്നുയർന്നു ഒടുവിൽ നബിയാണെന്ന് വാദിച്ചുവെന്നും, അതിലുമപ്പുറം കടന്നു അല്ലാഹുവിന്റെ ചില പ്രത്യേക സിഫത്തുകളുംകൂടി തനിക്കുണ്ടെന്നുപോലും അവകാശപ്പെട്ടുവെന്നും എതിരാളികൾ ആക്ഷേപിച്ചു വരുന്നു. ഹസ്റത്ത് മിർസാ സാഹിബിനെക്കുറിച്ചുള്ള പ്രസ്തുത ആക്ഷേപങ്ങൾ നിരർത്ഥകമാണെന്ന് ഈ ലഘുലേഖയിലൂടെ മനസ്സിലാക്കാം. 1960-ൽ മൗലാനാ അബ്ദുല്ലാഹ് സാഹിബ് (റഹ്: അ) 'സത്യദൂത'നിൽ എഴുതിയ ഒരു ലേഖനമാണിത്.

പഴയങ്ങാടി,

21 — 4 — 1362. / 1983.

പ്രസാധകർ.

അഞ്ചുമൻ അഹ്മദിയ്യ

പഴയങ്ങാടി

# ഹസ്റത്ത് മിർസാസാഹിബിൻെറ ക്രമോത്ഗതമായ വാദങ്ങൾ

ഹസ്രത്ത് മിർസാസാഹിബ് പടിപടിയായി ഒരു വാദത്തിൽനിന്നു് മറ്റൊരു വാദത്തിലേയ്ക്കു് ഉയൎന്നുയൎന്നുപോകയാണ് ചെയ്തതെന്നതു യഥാൎത്ഥത്തിൽ ആക്ഷേപകരമായ ഒരു സംഗതിയേ അല്ല. ഈ ആക്ഷേപം മുഖേന ഹസ്രത്ത് അഹ്മദ് സത്യവാദിയായിരുന്നില്ലെന്നു തെളിയിക്കാനാവുന്നതുമല്ല. മറിച്ച്, അദ്ദേഹത്തിൻെറ സത്യത്തെ സ്ഥിരപ്പെടുത്തുകയാണിതു ചെയ്യുന്നത്. എന്തെന്നാൽ, അല്ലാഹുവിൽനിന്നു ലഭിച്ച അറിവും ആജ്ഞയും അനുസരിച്ച അദ്ദേഹം തൻെറ വാദങ്ങളുന്നയിച്ചുവെന്നും സ്വന്തം ഇഷ്ടമനുസരിച്ച ഒന്നുംതന്നെ ചെയ്യുയുണ്ടായില്ലെന്നും ഉള്ള യാഥാൎത്ഥ്യത്തിലേയ്ക്കു് അതു വെളിച്ചം വീശുകയാണ് ചെയ്യുന്നത്. ഇതു ആക്ഷേപാൎഹമാണെങ്കിൽ, നബിശ്രേഷ്ഠരായ തിരുമേനിയും ഈ ആക്ഷേപത്തിന്നു് ലക്ഷ്യമായിത്തീരും. വാസ്തവം പറയുകയാണെങ്കിൽ, ആ ദിവ്യാത്മാവിൻെറ ശത്രുക്കരം ഇത്തരത്തിലുള്ള ആക്ഷേപങ്ങരം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യകാലത്ത് നബിതിരുമേനിയ്ക്കു് ലഭിച്ച വഹ്യിലും പിന്നീടു ലഭിച്ച വഹ്യിലും ആ ദിവ്യാത്മാവിൻെറ വാദം പടിപടിയായി ഉയൎന്നുവന്നു. മാത്രമല്ല, മക്കയിലും മദീനയിലും ഇറങ്ങിയ സൂറത്തുകളുടെ ഉള്ളടക്കത്തിലുള്ള വ്യത്യാസത്തെയും നബിതിരുമേനി മക്കയിലും മദീനയിലും സ്വീകരിച്ച നയത്തിലുള്ള വ്യത്യാസത്തെയും കൂടി അവർ ആക്ഷേപിക്കുന്നുണ്ട്.

നബിതിരുമേനി(സ) ആദ്യമേതന്നെ താൻ മുഴുലോകത്തിന്നും റസൂലായിവന്ന ആളാണെന്നും, എല്ലാ പ്രവാചകന്മാരെക്കാരം ശ്രേഷ്ഠനാണെന്നും, പരിപൂൎണ്ണ ന്യായപ്രമാണത്തോടു

കൂടിയ പ്രവാചകനാണെന്നും, ഖാത്തമുന്നബിയ്യീനാണെന്നും വാദിച്ചിരുന്നില്ല. പടിപടിയായിട്ടാണ് ആ ദിവ്യാത്മാവ് തൻെറ വാദങ്ങളെ ലോകത്തിന്നുമുമ്പിൽ സമർപ്പിക്കുകയുണ്ടായത് എന്ന പരമാർത്ഥം ആക്കെങ്കിലും നിഷേധിക്കുവാൻ സാദ്ധ്യമാണോ ? നോക്കുക, വിശുദ്ധ ഖുർആൻ പറയുകയാണ്: وَأَنْذِرْ عَشِيرَتَكَ الْأَقْرَبِينَ ''നീ നിൻെറ അടുത്ത ബന്ധുക്കളെ ജാഗ്രതപ്പെടുത്തുക''[1]. لِتُنْذِرَ أُمَّ الْقُرَى وَمَنْ حَوْلَهَا ''മക്കക്കാരെയും അതിൻെറ ചുററുമുള്ളവരെയും നീ ജാഗ്രതപ്പെടുത്താൻ വേണ്ടി''[2] إِنَّا أَرْسَلْنَاكَ شَاهِدًا وَمُبَشِّرًا وَنَذِيرًا وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُنِيرًا സാക്ഷിയായിട്ടും സുവിശേഷകനും ജാഗ്രതപ്പെടുത്തുന്നവനുമായിട്ടും അല്ലാഹുവിങ്കലേക്ക് അവൻെറ അനുമതിയോടെ ക്ഷണിക്കുന്നവനായിട്ടും പ്രകാശമുള്ള സൂര്യനായിട്ടും '' നാം നിന്നെ അയച്ചിരിക്കുന്നു[3] وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِلنَّاسِ بَشِيرًا وَنَذِيرًا ''മനുഷ്യവംശത്തിന്നാകമാനം സുവിശേഷകനും താക്കീതു നൽകുന്നവനും ആയിട്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല''[4] ഈ ആയത്തുകളിൽ നിന്ന് ആ ദിവ്യാത്മാവിൻെറ ദൗത്യത്തിൻെറ പരിധി സാവകാശത്തിൽ വിപുലമായിക്കൊണ്ടേ പോന്നു എന്നു മനസ്സിലാകുന്നു. അദ്ദേഹം, താൻ 'ഖാത്തമുന്നബിയ്യീൻ' ആണെന്നു വാദിച്ചത് തൻെറ നിര്യാണത്തിന്നു ഏററക്കുറെ 5 കൊല്ലംമുമ്പ് മാത്രമാണ്. താൻ പരിപൂർണ്ണ ന്യായപ്രമാണത്തോടുകൂടിവന്ന റസൂലാണെന്നു വാദിച്ചത് തൻെറ ജീവിതത്തിൻെറ അന്ത്യഘട്ടത്തിലായിരുന്നു. അപ്പോലെതന്നെ തൗറാത്തിലും ഇഞ്ചീലിലും പ്രവചിക്കപ്പെട്ട പ്രവാചകനാണ് താനെന്നും താൻ എല്ലാ പ്രവാചകന്മാ

[1] 26:214 [2] 6:73 [3] 33:45, 46 [4] 34:28

Scanned by CamScanner

രെക്കാളും ശ്രേഷ്ഠനാണെന്നും ആ ദിവ്യാത്മാവ് വാദിച്ചത് ദൈവനിയുക്തനാണെന്ന വാദിച്ചിട്ട എത്രയോ കൊല്ലങ്ങൾ കഴിഞ്ഞശേഷം മാത്രമായിരുന്നു. പുസ്തകത്തിൽ, നബിതിരുമേനിയുടെ വാദം പടിപടിയായി കാണപ്പെടുന്നത് ആ ദിവ്യാത്മാവ് സത്യവാദിയാണെന്നു വിശ്വസിക്കുന്നവരുടെ പക്കൽ ഒരിക്കലും ആക്ഷേപാർഹമായിത്തീരുകയില്ല.

ഹദീസുകളിൽനിന്നും ഈ വസ്തുത നമുക്ക് മനസ്സിലാകുന്നുണ്ട്. നബിതിരുമേനി (സ) ഒരു കാലത്ത് ഇങ്ങനെ പറയുകയുണ്ടായി: لَا تُخَيِّرُونِي عَلَى مُوسَى ''ഞാൻ മൂസാനബിയെക്കാൾ ശ്രേഷ്ഠനാണെന്നു നിങ്ങൾ പറയരുത്.''[5]
لَا يَنْبَغِي لِعَبْدٍ أَنْ يَقُولَ أَنِّي خَيْرٌ مِنْ يُونُسَ ابْنِ مَتَّى
''ഞാൻ യൂനുസുബ്നുമത്തായെക്കാൾ ശ്രേഷ്ഠനാണെന്നു ഒരാൾക്കും പറയാവതല്ല''[6] مَنْ قَالَ أَنَا خَيْرٌ مِنْ يُونُسَ ابْنِ مَتَّى فَقَدْ كَذَبَ ''യൂനുസുബ്നു മത്തായെക്കാൾ ഞാൻ ശ്രേഷ്ഠനാണെന്നു ആരെങ്കിലും പറയുകയാണെങ്കിൽ അയാൾ കള്ളം പറഞ്ഞു''[7]. ഒരിക്കൽ നബി തിരുമേനിയെ ഒരാൾ يَا خَيْرَ الْبَرِيَّةِ ''അല്ലയോ സൃഷ്ടികളിൽ ശ്രേഷ്ഠനായുള്ളോവേ!'' എന്നു വിളിച്ചു. അതു കേട്ടപ്പോൾ തിരുമേനി അരുളിയത് ذَاكَ إِبْرَاهِيمُ അത് * (സൃഷ്ടികളിൽ ശ്രേഷ്ഠൻ) ഇബ്റാഹീം ആണ്[8] എന്നായിരുന്നു.

---

* قيل يا رسول الله من أكرم الناس قال أتقاهم قالوا ليس عن هذا نسألك قال فيوسف نبي الله

ജനങ്ങളിൽ ഏറ്റവും ആദരണീയനാരാണെന്ന് റസൂൽ തിരുമേനിയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: അവരിൽവച്ച് ഏറ്റവുമധികം തഖ്‌വയുള്ളവൻ. അവർ (സഹാബികൾ)

---

[5] (ബു. മു) [6] (ബു. മു) [7] (ബു. തിര) [8] (മുസ്ലിം)

ഈ നബിവചനങ്ങളിൽനിന്ന മനസ്സിലാകുന്നതു
ത്താ ദിവ്യാത്മാവിനേക്കാരം ശ്രേഷ്ഠൻ യൂനുസ്നബി
യും മൂസാനബിയും ആണെന്നും, അദ്ദേഹം യൂനുസ്നബി
യേക്കാരം ശ്രേഷ്ഠനാണെന്നു വല്ലവരും പറയുകയാ
ണെങ്കിൽ അതു കള്ളമാണെന്നും, എല്ലാ പ്രവാചകന്മാരെ
ക്കാളും ശ്രേഷ്ഠൻ ഇബ്റാഹീംനബി (അ) ആണെന്നും ആണ്.
ഇങ്ങനെ പറഞ്ഞിരുന്ന നബി (സ) തിരുമേനി തന്നെയാണ്
أَنَا سَيِّدُ وَلَدِ آدَمَ ''ഞാൻ ആദം സന്തതികളുടെ
നേതാവാണ്''[9] എന്നും أَنَا أَكْرَمُ الْأَوَّلِينَ وَالْآخِرِينَ عَلَى
اللهِ وَلَا فَخْرَ '' ഞാൻ മുമ്പും പിമ്പുമുള്ള എല്ലാവരേക്കാളും
അല്ലാഹ്‌വിന്റെ പക്കൽ ശ്രേഷ്ഠനാണ്. എന്നാൽ, ദുരഭിമാ
നമില്ല'' [10] എന്നും, أَنَا قَائِدُ الْمُرْسَلِينَ وَلَا فَخْرَ '' ഞാൻ
എല്ലാ പ്രവാചകന്മാരുടെയും നായകനാണ്. പക്ഷെ, ദുരഭിമാ
നമില്ല''[11] എന്നും അരുളുകയുണ്ടായത്. നബിതിരുമേനി (സ)
ആദ്യം തന്നെക്കുറിച്ച് എന്തു പറഞ്ഞിരുന്നുവോ അതിന്നു തിക
ച്ചും വിപരീതമായിട്ടാണ് പിന്നീട് പറഞ്ഞതു എന്നാണ്
ഈ നബിവചനങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഇതിൽ
നിന്നെല്ലാം വ്യക്തമാകുന്നത് ഹസ്രത്ത് മിർസാസ്വാഹിബി
നെ ഈ വിഷയത്തിൽ ആക്ഷേപിക്കുന്നവർ അറിഞ്ഞോ അറി
യാതെയോ അതുവഴി നബിതിരുമേനിയേക്കൂടിയാണ്
ആക്ഷേപിക്കുന്നതെന്നാണ്.

---

പറഞ്ഞു: ഞങ്ങരം അങ്ങയോട് ഇതിനെപ്പറ്റിയല്ല ചോദിക്കു
ന്നത്. തിരുമേനി(സ) പ്രതിവചിച്ചു. എങ്കിൽ അല്ലാഹു
വിന്റെ നബിയായ യൂസുഫാണ്. (ബുഖാരി. ബാബുൽമനാ
ഖിബ്. 2:175)

ഇവിടെ നബി(സ) പറയുന്നത്, ജനങ്ങളിൽവച്ച് ഏററ
വും ആദരണീയൻ ഹസ്റത്ത് യൂസുഫ്നബി(അ) ആണെന്നാ
കുന്നു. ഇതേ ഹദീസ് മുസ്ലിമിലും കാണാം. (പ്രസാധകർ)

---

9 (മുസ്ലിം) 10 (തിർമദി) 11 (ദാരിമി)

ദൈവത്തിൻെറ വരിഷ്ഠദാസന്മാരും സത്യദൂതന്മാരും പദവി കൊതിയന്മാരോ സ്ഥാനമോഹികളോ അല്ല. അവർ സ്വാഭാവികമായിത്തന്നെ വളരെ വിനയവും താഴ്മയും ഉള്ളവരാണ്. ജനങ്ങളുടെ ഇടയിൽ പേരും പെരുമയും കിട്ടണമെന്ന് ഇച്ഛിക്കാതെ അടങ്ങിയൊതുങ്ങിയിരിക്കാൻ ഇഷ്ടപ്പെടുന്നവരാണവർ. എന്നാൽ അല്ലാഹുവിൻെറ ശക്തിമത്തായ കൈ അവരെ ആ സ്ഥാനത്ത് നിന്നു പിടിച്ചു പുറത്തുകൊണ്ടുവരുന്നു. ഇങ്ങനെയല്ലായിരുന്നുവെങ്കിൽ, അവർ ലോകത്തിന്നുമുമ്പിൽ വരികയോ തങ്ങളുടെ സ്ഥാനമാനങ്ങളെകുറിച്ച് വിളംബരംചെയ്കയോ ചെയ്യുകയില്ല. അവർ തങ്ങളുടെ വാദങ്ങൾ പുറപ്പെടുവിക്കുന്നതിൽ ധൃതികാണിക്കുകയോ കടന്നു പ്രവത്തിക്കുകയോ ചെയ്യാത്തതിന്നു കാരണവും ഇതുതന്നെയാണ്. അവരുടെ നിമ്മലമായ ഈ നിലപാടുതന്നെ അവരുടെ സത്യത്തിലേക്കു് ഒരു വലിയ ദൃഷ്ടാന്തമാണ്. അവർ അല്ലാഹുവിൻെറ അനുസരണത്തിൽ മുഴുകിയിരിക്കുകയും അവൻെറ വ്യക്തമായ അനുജ്ഞയനുസരിച്ച്മാത്രം പ്രവത്തിക്കുകയും ചെയ്യുന്നു. എന്നാൽ, ഒരു കാര്യം ദൈവത്തിങ്കൽനിന്നും സ്പഷ്ടമായി വെളിപ്പെട്ടുകഴിഞ്ഞാൽ അക്കാര്യം ഘോഷിക്കുന്നതിൽ അവർ ആരുടെയും ഇഷ്ടത്തെയോ അനിഷ്ടത്തേയോ നോക്കാറുമില്ല. ഇതാണ് സത്യം. നബിതിരുമേനിയെകുറിച്ച് ബുഖാരിയിലും മുസ്ലിമിലും ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു. كان يحب موافقة أهل الكتاب فيما لم يؤمر به ''ഏതൊരു കാര്യത്തിൽ അദ്ദേഹത്തിന്നു കല്പന ലഭിച്ചിട്ടില്ലയോ അക്കാര്യത്തിൽ അദ്ദേഹം അഹ്ലുകിത്താബിനോടു യോജിച്ചു പ്രവത്തിക്കാനാണിഷ്ടപ്പെട്ടിരുന്നതു്.'' അതായതു്, ദൈവത്തിൽനിന്നും വ്യക്തമായ നിലയിൽ അറിവ് ലഭിച്ചിട്ടില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചേടത്തോളം അഹ്ലുകിത്താബിൻെറ ആചാരസമ്പ്രദായമനുസരിച്ചാണ് നബിതിരുമേനി(സ) പ്രവത്തിക്കാറുണ്ടായിരുന്നതു്. ആ ദിവ്യാത്മാവിന്നു ആദ്യമായി വഹ്‌യുണ്ടായപ്പോൾ അദ്ദേ

ഹം താൻ നബിയും റസൂലുമാണെന്നു പെരുമ്പറയടിക്കുകയല്ല ചെയ്തിരുന്നതു്. തൻെറ ധർമ്മപത്നിയുടെ അടുക്കൽ വന്നു ആ സംഭവം വിവരിക്കുകയും لَقَدْ خَشِيتُ عَلَى نَفْسِي ''നിശ്ച യമായും എനിക്കു് എൻെറ ജീവനെകുറിച്ചു് ഭയമുണ്ടായിരിക്കുന്നു'' എന്നു പറയുകയുമാണ് ചെയ്തതു്. ഇതു കേട്ടപ്പോൾ ഹസ്രത്ത് ഖദീജ (റ) ആ ദിവ്യാത്മാവിനെ സാന്ത്വനവാക്കുകൾ പറഞ്ഞു ആശ്വസിപ്പിക്കുകയും നസ്രാണിയും തൻെറ പിതൃവ്യപുത്രനുമായ വറഖത്തുബ്നു നൗഫലിൻെറ അടുക്കൽ തിരുമേനിയെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. നബിതിരുമേനി വറഖത്തിന്നു സംഗതികളെല്ലാം വിവരിച്ചുകൊടുത്തപ്പോൾ هَذَا النَّامُوسُ الَّذِي أَنْزَلَ اللهُ عَلَى مُوسَى ''ഇതു് അല്ലാഹു മൂസായുടെമേൽ ഇറക്കിയ ആ മലക്ക് ആണ്'' എന്നു അദ്ദേഹം പറയുകയുണ്ടായി. അതായതു്, നബിതിരുമേനി 'ശരീഅത്തി'ൻെറ പ്രവാചകൻ ആണ് എന്നുതന്നെ. ഈ 'രിവായത്ത്' ഇമാംബുഖാരി (റ) തൻെറ ഹദീസുഗ്രന്ഥത്തിൻെറ ആദ്യത്തിൽ തന്നെ ചേർത്തിട്ടുണ്ടു്. വറഖത്തിന്നു യാഥാർത്ഥ്യം മനസ്സിലായി, നബിതിരുമേനിക്കു് മനസ്സിലായില്ല! എന്നു പറഞ്ഞു കൊണ്ടു് അവിവേകികളായ ചില അവിശ്വാസികൾ ഈ സംഭവത്തെ ചൂണ്ടിക്കാണിച്ചു് നബിതിരുമേനിയെ ആക്ഷേപിക്കാറുണ്ടു്. അടിസ്ഥാനരഹിതമായ ഒരാക്ഷേപമാണിതെന്നു പറയേണ്ടതില്ലല്ലോ. ഈ സംഭവത്തിൽനിന്നും മനസ്സിലാകുന്നതു് നബിതിരുമേനി(സ) മുൻകൂട്ടിയുണ്ടാക്കിയ ഒരു പ്ലാനനുസരിച്ചു് ദിവ്യദൗത്യവാദം പുറപ്പെടുവിച്ച ആളായിരുന്നില്ലെന്നും, നേരെമറിച്ചു് എത്രയും നിർമ്മലവും അകൃത്രിമവും ആയ പ്രകൃതിയോടുകൂടിയ ഒരു ദിവ്യാത്മാവായിരുന്നു എന്നും ആണ്. അങ്ങനെയല്ലായിരുന്നുവെങ്കിൽ, തനിക്കു് ലബ്ധമായ ഈ അത്യുന്നതപദവിയിൽ അദ്ദേഹം ഔദ്ധത്യം കാണിക്കുകയും തൻെറ സ്ഥാനത്തെക്കുറിച്ചു് പെരുമ്പറയടിക്കുകയും ചെയ്യേനെ!

Scanned by CamScanner

നോക്കുക, ആ ദിവ്യാത്മാവിന്നു തന്റെ വാദത്തിന്റെ ആദ്യഘട്ടത്തിൽതന്നെയാണ് 'മിഅ്റാജ്' ഉണ്ടായത്. ആ മിഅ്റാജിൽ അദ്ദേഹം എല്ലാ പ്രവാചകന്മാരെക്കാളും ഉന്നതമായ സ്ഥാനത്തേയ്ക്ക് താൻ കരേറിപ്പോവുന്നതായി കണ്ടു. അതിന്റെ അർത്ഥം ആ പുണ്യാത്മാവ് മറ്റെല്ലാ പ്രവാചകന്മാരെക്കാളും ഉൽകൃഷ്ടസ്ഥാനീയനാണെന്നാണ് അതു വായിക്കുന്ന ഏവർക്കും സുവ്യക്തമാകുന്നത്. അപ്പോലെതന്നെ ആ ദിവ്യാത്മാവ് മക്കയിൽനിന്ന് മദീനയിലേയ്ക്ക് പ്രവാസം ചെയ്യുന്നതിന്ന് ഒന്നുരണ്ടുകൊല്ലം മുമ്പാണ് അദ്ദേഹത്തിന്നു 'ഇസ്റാ' ഉണ്ടായത്. അതായത് മസ്ജിദുൽഹറാമിൽനിന്നു മസ്ജിദുൽ അഖ്സായിലേയ്ക്ക് അദ്ദേഹം പോയതായി ദർശിച്ചത്. മസ്ജിദുൽ അഖ്സയിൽവെച്ച് അദ്ദേഹം പ്രവാചകന്മാർക്ക് ഇമാമായി നിന്നു കൊണ്ട് നമസ്കരിക്കുന്നതായി ദർശിച്ചു. ഇതും ആ മഹാത്മാവ് എല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനും പ്രവാചകന്മാരുടെ നേതാവും ആണെന്നുള്ള ദൈവിക ബോധനമായിരുന്നു. എന്നിട്ടുകൂടി ആ സംഭവങ്ങൾ ഉണ്ടായി എത്രയോ കൊല്ലങ്ങൾ കഴിഞ്ഞിട്ടും താൻ സർവ്വ പ്രവാചകന്മാരെക്കാൾ ശ്രേഷ്ഠനാണെന്ന വാദം ആ ദിവ്യാത്മാവ് പുറപ്പെടുവിച്ചിരുന്നില്ല. എന്നു മാത്രമല്ല, മദീനയിലെത്തിയതിന്നുശേഷവും താൻ മൂസാനബിയെക്കാളും മാത്രമല്ല യൂനുസ്നബിയെക്കാൾപോലും ശ്രേഷ്ഠനല്ലെന്നും എല്ലാവരെയ്ക്കാളും ശ്രേഷ്ഠൻ ഇബ്റാഹീംനബി(അ) ആണെന്നും അത്രെ പറഞ്ഞിരുന്നത്. ഇതിന്നു കാരണം യൂനുസ്നബി(അ) മൂസാനബി (അ) മുതലായ പ്രവാചകന്മാരിൽ ചില ശ്രേഷ്ഠതകൾ കണ്ടപ്പോൾ അവർ തന്നെക്കാൾ ഉയന്ന പദവിയിലുള്ളവരാണെന്ന ആ ദിവ്യാത്മാവ് മനസ്സിലാക്കിയെന്നതാണ്. അവരെക്കാൾ ശ്രേഷ്ഠത ഇബ്റാഹീംനബിയ്ക്കുള്ളതായി ഗ്രഹിച്ചപ്പോൾ പ്രവാചകന്മാരിൽ അഗ്ര്യപദവി അദ്ദേഹത്തിന്നാണെന്നും ആ ദിവ്യാത്മാവ് പറഞ്ഞു. ഒടുവിൽ ദൈവത്തിൽ നിന്ന് താൻ സർദാറുൽ അമ്പിയാഉം ഖാത്തമുന്നബിയ്യീനും

Scanned by CamScanner

ആണെന്ന വ്യക്തമായ അറിയിപ്പ് ലഭിച്ചപ്പോഠം മാത്രം ആ യാഥാർത്ഥ്യത്തെ അദ്ദേഹം പ്രഖ്യാപിച്ചു. മക്കായിൽവെച്ചു തന്നെ നബിതിരുമേനിക്ക് അദ്ദേഹം സാർവ്വജനീനവും സാർവ്വലൗകികവും ആയ ദൗത്യത്തോടുകൂടിയ പ്രവാചകനാണെന്നു അല്ലാഹു അറിവ് നൽകിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്നു മുമ്പ് ആഗതരായ പ്രവാചകന്മാർ ആരുംതന്നെ സാർവ്വലൗകിക ദൗത്യത്തോടുകൂടിയവരായിരുന്നില്ലെന്നു വരുമ്പോഠം മററുള്ള പ്രവാചകന്മാരെക്കാഠം അദ്ദേഹത്തിന്നുള്ള ശ്രേഷ്ഠതയും ഔന്നത്യവും പ്രസ്പഷ്ടമാണല്ലോ. എന്നിട്ടും അതിനെകുറിച്ചു അല്ലാഹുവിൽനിന്നു് വ്യക്തമായ അറിയിപ്പും അനുജ്ഞയും ലഭിക്കുന്നതുവരെ ആ മഹാത്മാവ് അങ്ങനെ വാദിച്ചില്ല. ആ യാഥാർത്ഥ്യം പുറത്തു പറയുകയും ചെയ്തില്ല. ചുരുക്കത്തിൽ, നബിതിരുമേനിയുടെ വാദങ്ങളും പടിപടിയായിത്തന്നെയാണ് ഉയർന്നുവന്നത് എന്നതു എത്രയും വ്യക്തമാണ്. നബിതിരുമേനി താൻ ദൈവത്താൽ നിയുക്തനാണെന്നു അറിവ് കിട്ടിയ ഉടനെതന്നെ എല്ലാ സംഗതികളും മനസ്സിലാക്കിയിട്ടുണ്ടായിരുന്നുവെന്നും തന്റെ സ്ഥാനമാഹാത്മ്യത്തെകുറിച്ച് പിന്നീട് അറിഞ്ഞിട്ടുള്ളവ ആദ്യമേതന്നെ അദ്ദേഹം ഗ്രഹിച്ചിരുന്നുവെന്നും വല്ലവരും പറയുന്നുവെങ്കിൽ അതു വിശുദ്ധ ഖുർആന്റെ പാഠത്തെയും നബിതിരുമേനിയുടെ ജീവിതത്തെയും കുറിച്ചുള്ള അജ്ഞതകൊണ്ടായിരിക്കാനേ തരമുള്ളു.

നോക്കുക, അല്ലാഹു തിരുമേനിയോട് ഇങ്ങനെ ആജ്ഞാപിക്കുന്നു: قُلْ رَبِّ زِدْنِي عِلْمًا "പറയുക, എന്റെ ദൈവമേ നീ എനിക്ക് അറിവ് വർദ്ധിപ്പിച്ചുതന്നാലും" [12].

ഈ ഖുർആൻ വാക്യത്തിൽനിന്നു ആ ദിവ്യാത്മാവിന്റെ ജ്ഞാനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തതെന്നു വ്യക്തമാകുന്നു. അപ്പോഠം ആദ്യം അദ്ദേഹത്തിനു ഉണ്ടായിരുന്നിട്ടില്ലാ

---

[12] (20: 115)

ത്ത ജ്ഞാനം പിന്നീട് ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ടെന്ന മനസ്സി
ലാകുന്നുണ്ട്. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. اَللّٰهُمَّ انْفَعْنِي
بِمَا عَلَّمْتَنِي وَعَلِّمْنِي مَا يَنْفَعُنِي وَزِدْنِي عِلْمًا ''എന്റെ
ദൈവമെ, എനിക്കു നീ പഠിപ്പിച്ചു തന്നതിനെ ഗുണകരമാ
ക്കിത്തരണമേ. എനിക്കു ഗുണകരമായതു നീ എനിക്കു പഠി
പ്പിച്ചുതരേണമേ!'' നീ എനിക്ക് അറിവ് വർദ്ധിപ്പിച്ചുതരേ
ണമേ !'' [13]. ഈ പ്രാർത്ഥനയും അദ്ദേഹത്തിന്റെ
ജ്ഞാനം അഭിവൃദ്ധിപ്പെട്ടുകൊണ്ടുപോകയാണ് ചെയ്തതെന്ന
വ്യക്തമാകുന്നുണ്ട്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:
مَا كُنْتَ تَدْرِي مَا الْكِتَابُ وَلَا الْإِيمَانُ ''നീ അറിഞ്ഞിരു
ന്നില്ല, ഈ ഗ്രന്ഥവും ഈമാനും എന്താണെന്ന്'' [14]. ഈ ഖുർ
ആൻ വാക്യവും ആ ദിവ്യാത്മാവിന്റെ ജ്ഞാനം വർദ്ധിച്ചുകൊ
ണ്ടുപോവുകയാണുണ്ടായതെന്നും ആദ്യം അദ്ദേഹത്തിനു അറി
യാൻ സാധിച്ചിട്ടില്ലാത്ത സംഗതികൾ പിന്നീടു ഗ്രഹിക്കാൻ
സിദ്ധിച്ചുവെന്നും വ്യക്തമാകുന്നു. ചുരുക്കത്തിൽ, ദൈവത്തി
ങ്കൽനിന്ന് പ്രത്യക്ഷമായി മനസ്സിലാക്കാൻ സാധിച്ച സംഗ
തികൾ അദ്ദേഹം ലോകത്തെ അറിയിച്ചുവെന്നും അദ്ദേഹം ആ
വിഷയത്തിൽ സ്വേച്ഛയനുസരിച്ചു ഒന്നും ചെയ്തില്ലെന്നും മാത്ര
മല്ല അങ്ങനെ ലോകത്തെ അറിയിക്കുന്ന കാര്യത്തിൽ സാധാര
ണക്കാരെപ്പോലെ ധൃതി കാണിക്കുകയുണ്ടായുമില്ല. ചെയ്തതെ
ല്ലാം അല്ലാഹുവിന്റെ ഹിതാനുസൃതം മാത്രമായിരുന്നു. ഖുർ
ആൻ പറയുന്നു: قُلْ لَوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا
أَدْرَاكُمْ بِهِ ''പറയുക, ദൈവേച്ഛ ഉണ്ടായിരുന്നില്ലെങ്കിൽ
ഞാൻ ഇതു നിങ്ങൾക്ക് ഓതിക്കേൾപ്പിക്കുകയോ അവൻ നി
ങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല [15] ഈ ഖുർആൻ

---

[13] (ഹ. ശ) [14] (42: 52) [15] (10: 6)

Scanned by CamScanner

വാക്യം ആ ദിവ്യാത്മാവിൻെറ ആ നിലപാടിനെയാണ് മന സ്സിലാക്കിത്തരുന്നത്.

യഹൂദികൾക്ക് വാഗ്ദത്തം ചെയ്യപ്പെട്ട 'ഇൽയാസ്'' ആയി വന്ന ആൾ യഹ്‌യാനബി ആയിരുന്നു. എന്നാൽ, യഹൂദ പു രോഹിതന്മാർ അദ്ദേഹത്തോട് വാഗ്ദത്തംചെയ്യപ്പെട്ട ഏലിയാ വ് നീതന്നെയോ എന്നു ചോദിച്ചപ്പോൾ അല്ലെന്നാണദ്ദേഹം ആദ്യം പറഞ്ഞത്[16]. എന്നാൽ, ഹസ്രത്ത് ഈസാനബി(അ) പറഞ്ഞതാകട്ടെ, ''നിങ്ങൾക്ക് ഗ്രഹിക്കാൻ മനസ്സുണ്ടെങ്കിൽ, വരുവാനുള്ള ഏലിയാവ് അവൻതന്നെയാകുന്നു''[17] എന്നും, ''ഞാൻ നിങ്ങളോട് പറയുന്നു, ഏലിയാ വന്നുകഴിഞ്ഞു. എ ങ്കിലും അവർ അവനെ അറിഞ്ഞുകൊള്ളാതെ തങ്ങൾക്ക് തോ ന്നിയതെല്ലാം അവനോട് ചെയ്തു.''[18] എന്നുമായിരുന്നു. ഈ ഉദ്ധാരണങ്ങളിൽനിന്ന് മനസ്സിലാകുന്നത്, ഇസ്രായീല്യർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ഏലിയാവ് യോഹന്നാൻ (യഹ്‌യാ നബി) തന്നെയായിരുന്നുവെന്നും എന്നാൽ, ആ സംഗതി യഹ്‌ യാനബിക്ക് ആദ്യം മനസ്സിലായിരുന്നില്ലെന്നും അദ്ദേഹത്തെ ക്കാൾ ആ സംഗതി ആദ്യമായി മനസ്സിലാക്കിയത് ഈസാ നബി(അ) ആയിരുന്നുവെന്നും ആണ്. ഇതിന്നുകാരണം, ദൈ വത്തിങ്കൽനിന്ന് വ്യക്തമായി അറിവ് ലഭിച്ചതിന്നുശേഷം മാത്രമേ പ്രവാചകന്മാർ ഒരു സംഗതിയെകുറിച്ച് വാദിക്കുക യോ പ്രഖ്യാപിക്കുകയോ ചെയ്കയുള്ളുവെന്ന അവരുടെ നില യാണ്.

ചുരുക്കത്തിൽ, ഹസ്രത്ത് മിർസാസാഹിബിൻെറ വാദ ങ്ങൾ ക്രമപ്രവൃദ്ധമായി ഉയൻുവന്നതിനെ ആക്ഷേപിക്കുന്നത് പ്രവാചകന്മാരുടെ വിശിഷ്യ, നബിതിരുമേനിയുടെ ദൗത്യ വാദചരിത്രത്തെ കുറിച്ചറിയാതെകണ്ടോ ആ അറിവിനെ അഗ ണ്യമാക്കിക്കൊണ്ടോ മാത്രമായിരിക്കാനേ തരമുള്ളു. ഇതു സം

[16] (യോഹ:1;2) [17] (മത്താ. 11:14) [18] (മത്താ. 17:12)

ബന്ധിച്ച ഹസ്റത്ത് മിർസാസാഹിബിൻെറ ചില പ്രസ്
താവനകൾ ഇവിടെ ഉദ്ധരിക്കുന്നത് സത്യാന്വേഷകക്ക് ഉപ
കാരപ്രദമായിരിക്കുമെന്നു കരുതുന്നു. ആ മഹാത്മാവ് പറയു
കയാണ്:

''മസീഹുബ്നു മറിയമിൻെറ പുനരാഗമനത്തെക്കുറിച്ചു
ഞാൻ ബറാഹീനിൽ എഴുതിയതു ഇന്നത്തെ മുസ്ലിംകൾ പുല
ർത്തിവരുന്ന പൊതുവിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാ
ണ്. ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിനോട് സാദൃശ്യ
മുള്ള ഒരാൾമാത്രവും. എൻെറ ഖിലാഫത്ത് ആത്മിക ഖിലാ
ഫത്തും. മസീഹ് വന്നാൽ അദ്ദേഹത്തിൻെറ ഖിലാഫത്തു
രണ്ട് നിലയിലുമുള്ളതും ആയിരിക്കുമെന്നു ഞാൻ ബറാ
ഹീനിൽ എഴുതിയിരുന്നതു ആ ബാഹ്യമായ വിശ്വാസംനിമി
ത്തം മാത്രമായിരുന്നു ബറാഹീനിൽ ചേർത്ത ഈ പ്രസ്താവന
'മുൽഹമി'ന്നു യാഥാർത്ഥ്യം വെളിപ്പെടുന്നതിന്നുമുമ്പ് തൻെറ
നബിയുടെ നിവേദനങ്ങളെ ബാഹ്യനിലയിൽ മനസ്സിലാക്കി
യതിൻെറ ഫലമാണ്. എന്തെന്നാൽ അല്ലാഹുവിങ്കൽനിന്നു
വെളിപാട് സിദ്ധിക്കുന്നവർ അല്ലാഹുപറയാതെ പറയുകയോ
അവൻ മനസ്സിലാക്കിക്കൊടുക്കാതെ മനസ്സിലാക്കുകയോ, അ
വൻ കല്പിക്കാതെ എന്തെങ്കിലും വാദം പുറപ്പെടുവിക്കുകയോ
ചെയ്യുന്നവരല്ല. അവർ സ്വന്തനിലയിൽ ഒരു പ്രകാരത്തിലും
ഒന്നിനും ധൈര്യപ്പെടുന്നവരല്ല. ഇക്കാരണത്താൽ തന്നെയാ
ണ്, നമ്മുടെ നബി കരീം (സ) അല്ലാഹുവിങ്കൽനിന്നു, വഹ്
യ് ലഭിക്കാതിരുന്ന ചില ഇബാദത്തുകളെ സംബന്ധിച്ചേട
ത്തോളം അഹ്ലുകിത്താബിൻെറ ആചാരങ്ങൾ അനുഷ്ഠിക്കുന്ന
തിനെ ഇഷ്ടപ്പെട്ടിരുന്നതും വഹ്യ് ലഭിച്ച് യാഥാർത്ഥ്യം മന
സ്സിലാക്കിയശേഷം അതുപേക്ഷിച്ചതും. ഈ സംഗതികൊണ്ടു
തന്നെയാണ് മസീഹുബ്നു മറിയമിനെക്കുറിച്ചു ബറാഹീനിൽ
ഞാൻ ഒന്നുംതന്നെ പ്രതിപാദിക്കാതിരുന്നതു. എന്നാൽ,
ഇപ്പോൾ അല്ലാഹു കാര്യത്തിൻെറ യാഥാർത്ഥ്യം ഈ ഉള്ളവന്നു

Scanned by CamScanner

വെളിപ്പെടുത്തിത്തന്നിരിക്കുമ്പോൾ അതു പരസ്യപ്പെടുത്തേണ്ടതു ആവശ്യമായിവന്നു. 19

പിന്നെയും ആ പുണ്യാത്മാവ് പറയുന്നു'—

''എന്തെല്ലാം ആക്ഷേപങ്ങളാണ് ഇവർ തൊടുത്തുവിടുന്നതു്. മസീഹു മൗഊദാണെന്നു വാദിക്കുന്നതിനുമുമ്പ് 'ബറാഹീനെ അഹ്മദിയ്യ' എന്ന ഗ്രന്ഥത്തിൽ, ഈസാനബി (അ) വരുമെന്നു ഞാൻ പറഞ്ഞിട്ടുണ്ടെന്നു ഇവർ പറയുന്നു. അല്ലയോ ചിന്താശൂന്യന്മാരെ, നിങ്ങളുടെ പര്യവസാനത്തെ നിങ്ങളെന്തിനു ചീത്തപ്പെടുത്തുന്നു: ആ പറഞ്ഞേടത്ത് അതു അല്ലാഹുവിന്റെ വഹ്‌യ് മുഖേന ഞാൻ പറയുന്നതാണെന്നു എഴുതിയിട്ടുണ്ടോ? ഞാൻ രഹസ്യജ്ഞനാണെന്നു ഞാൻ എപ്പോൾ വാദിച്ചു? എത്രവരെ അല്ലാഹു എന്റെ ശ്രദ്ധയെ ഈ ഭാഗത്തേയ്ക്കു് തിരിക്കുകയും വാഗ്ദത്തമസീഹ് ഞാനാണെന്നും ഈസാനബി (അ) മരിച്ചുപോയിരിക്കുന്നുവെന്നും ആവർത്തിച്ചാവർത്തിച്ചു എന്നെ ധരിപ്പിക്കുകയും ചെയ്തില്ലയോ അക്കാലംവരെയും ഞാൻ നിങ്ങളുടെ വിശ്വാസത്തിൽതന്നെ നിലനിന്നുപോന്നു. അക്കാരണത്താലാണ് മസീഹിന്റെ രണ്ടാമത്തെ വരവിനെകുറിച്ച് ഞാൻ ആർജ്ജവത്തോടും കലവറയില്ലാതെയും അങ്ങനെ എഴുതിയത്. പിന്നീടു അല്ലാഹു എനിക്ക് അതിന്റെ യാഥാർത്ഥ്യം വെളിപ്പെടുത്തിത്തന്നപ്പോൾ ആ വിശ്വാസത്തെ ഞാൻ കയ്യൊഴിച്ചു. എന്റെ ഹൃദയത്തെ ദൈവീകപ്രകാശത്താൽ തേജോമയമാക്കിയ ആ ദൃഢവിശ്വാസത്തിനു ശേഷമല്ലാതെ ആ പൊതുവിശ്വാസത്തെ ഞാൻ ഉപേക്ഷിച്ചിരുന്നില്ല'' 20.

ആ മഹാത്മാവ് വീണ്ടും പറയുന്നു.

''ഞാൻ മസീഹു മൗഊദാണെന്നു പറയുകയും മസീഹുബ്നു മറിയമിനേക്കാൾ ശ്രേഷ്ഠനാണ് ഞാനെന്നു വരുത്തുകയും ചെയ്യണമെന്നു എനിക്ക് ഉദ്ദേശമേ ഇല്ല. ഇത്തരം സംഗതികൾ

---

19 (ഇസാലയെ ഔഹാം–1ാംപതിപ്പ് 197, 198)

20 (ഇഅ്ജാസ് അഹ്മദിയ്യ ഭാ. 6)

Scanned by CamScanner

എനിക്ക് സന്തോഷദായകവുമല്ല എന്ന വസ്തുത അല്ലാഹു നല്ലപോലെ അറിയുന്നവനാണ്. എന്റെ മനസ്സാക്ഷിയെകുറിച്ച് അല്ലാഹുതന്നെ എനിക്കു നൽകിയ വഹ്‌യിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. قُلْ اُجَرِّدُ نَفْسِي مِنْ ضُرُوبِ الْخِطَابِ "അവരോടു പറയുക ഞാൻ ഒരു സ്ഥാനമാനത്തെയും ഇഷ്ടപ്പെടുന്നവനല്ല എന്നതാണ് എന്റെ സ്ഥിതി!" എന്നുവെച്ചാൽ, എന്റെ ലക്ഷ്യവും എന്റെ ഉദ്ദേശവും അങ്ങനെയുള്ള വിചാരങ്ങളിൽ നിന്നും ഉപരിയായതാണ്. ഏതെങ്കിലും സ്ഥാനം കൊടുക്കുകയെന്നതു അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അതിൽ എനിക്കു യാതൊരു കയ്യുമില്ല..... മസീഹുബ്നുമറിയം ആകാശത്തിൽനിന്നു ഇറങ്ങുമെന്നു ഞാൻ ബറാഹീനിൽ എഴുതിയിട്ടുണ്ടായിരുന്നു. പിന്നീട്, ആ വരാനിരിക്കുന്ന മസീഹ് ഞാൻ തന്നെയാണെന്നു ഞാൻ എഴുതി. ഈ വൈരുദ്ധ്യത്തിന്നുള്ള കാരണവും ഇതുതന്നെയായിരുന്നു. അതായത്, ബറാഹീൻ അഹ്‌മദിയ്യയിൽ അല്ലാഹു ഈസാ എന്നു എനിക്കു പേർ നൽകിയിട്ടുണ്ടായിരുന്നു. എന്റെ വരവിനെകുറിച്ച് എല്ലാ പ്രവാചകന്മാരും മുന്നറിവ് നൽകിയിട്ടുണ്ട് എന്നും അവൻ എന്നോട് പറഞ്ഞിരുന്നു. എന്നാൽ, ഹസ്‌റത്ത് ഈസാ ആകാശത്തിൽനിന്ന് ഇറങ്ങിവരുമെന്ന വിശ്വാസത്തിൽ മുസ്ലിംകളിലുള്ള ഒരു വിഭാഗം പൂണ്ടുപോയിരുന്നു. എന്റെ വിശ്വാസവും അതായിരുന്നു. അതുകൊണ്ട്, അല്ലാഹുവിന്റെ വഹ്‌യിനെ ബാഹ്യാർത്ഥത്തിൽ സ്വീകരിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. മറിച്ച്, അതിന്നു ഞാൻ ആന്തരാർത്ഥം കൊടുത്തുകൊണ്ടും സാധാരണ മുസ്ലിംകളുടെ വിശ്വാസത്തിൽ തന്നെ പററിനിന്നുകൊണ്ടും അതു ഞാൻ ബറാഹീനിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ, അതിന്നുശേഷം വരാനിരിക്കുന്ന മസീഹ് ഞാൻതന്നെയാണെന്നുള്ളതിനെ കുറിച്ചു അല്ലാഹുവിന്റെ വഹ്‌യ് മഴപോലെ എന്നിൽ ഇറങ്ങി. അതോടൊപ്പം നൂറുകണക്കായ ദൃഷ്ടാന്തങ്ങളും പ്രത്യക്ഷപ്പെട്ടു. ആകാശവും ഭൂമിയും എന്റെ സത്യത്തിന്നു

Scanned by CamScanner

സാക്ഷ്യം വഹിച്ചു. അല്ലാഹുവിന്റെ തിളങ്ങുന്ന ദൃഷ്ടാന്തങ്ങളും എന്നെ നിർബ്ബന്ധിച്ചു. അവസാനകാലത്ത് വരുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് ഞാൻതന്നെയാണെന്ന വിശ്വാസത്തിലേക്ക് ഞാൻ പിടിച്ചുവലിക്കപ്പെട്ടു, ഇങ്ങനെ സംഭവിച്ചിരുന്നില്ലെങ്കിൽ എന്റെ വിശ്വാസം ഞാൻ ബറാഹീനിൽ എഴുതിയതുതന്നെയായിരുന്നേനെ. ഇതുകൊണ്ട് മതിയാക്കാതെ എനിക്ക് ലഭിച്ച വഹ്‌യിനെ വിശുദ്ധ ഖുർആനോട് ഞാൻ തട്ടിച്ചുനോക്കി. അപ്പോൾ മസീഹബ്നുമറിയം വാസ്തവത്തിൽ മരിച്ചുപോയിരിക്കുന്നുവെന്ന വിശുദ്ധ ഖുർആനിൽ നിന്നു എനിക്ക് ഖണ്ഡിതമായി മനസ്സിലായി. അപ്പോലെ തന്നെ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ പേരിൽ വരേണ്ടുന്ന അവസാനത്തെ ഖലീഫ ഈ ഉമ്മത്തിൽനിന്നുതന്നെയായിരിക്കുമെന്നും, സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ ഇരുട്ടിന്റെ അംശം പോലും ശേഷിക്കാതാകുന്നതുപോലെ നൂറുക്കണക്കായ ദൃഷ്ടാന്തങ്ങളും ദൈവിക സാക്ഷ്യങ്ങളും പരിശുദ്ധ ഖുർആന്റെ ഖണ്ഡിതമായ ഹദീസുകളും ഞാൻ മസീഹ മൗഊദാണെന്ന് വിശ്വസിക്കണമെന്നുതന്നെ എന്നെ നിബ്ബന്ധിച്ചു. അല്ലാഹു എന്നിൽ തൃപ്തിപ്പെട്ടിരിക്കുന്നു എന്നതുതന്നെ എനിക്ക് മതിയായതാണ്. ഞാൻ ഒട്ടും കൊതിച്ചതായിരുന്നില്ല ഇത്. ഞാൻ ഏകാന്തതയുടെ അറയിൽ ആയിരുന്നു. എന്നെയാരും അറിഞ്ഞിരുന്നില്ല. എന്നെയാരെങ്കിലുംഅറിയണമെന്ന് എനിക്കാഗ്രഹവുമുണ്ടായിരുന്നില്ല. അവൻ എന്നെ ഏകാന്തതയുടെ മൂലയിൽനിന്നു നിബ്ബന്ധപൂർവ്വം പുറത്തുകൊണ്ടുവന്നു. നിഗൂഢതയിൽ കഴിയുകയും നിഗൂഢതയിൽതന്നെ മരിക്കുകയും വേണമെന്നാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ, ലോകത്ത് ബഹുമാനപൂർവ്വം എന്റെ കീർത്തി പരത്തുമെന്ന അല്ലാഹു എന്നോടു പറഞ്ഞു. അല്ലാഹു ഇങ്ങനെ ചെയ്തതെന്തിനെന്നു അവനോടുതന്നെ ചോദിക്കുവിൻ. ഇതിൽ ഞാൻ കുററക്കാരനല്ല''. [21]

---

[21] (ഹഖീഖത്തുൽ വഹ്‌യി-148, 149)

ഈ ഉദ്ധാരണങ്ങളിൽനിന്നു അദ്ദേഹത്തിന്റെ വാദം പടിപടിയായി ഉയൎന്നുവന്നതായി കാണുന്നതിന്റെ കാരണമെന്താണെന്നു നല്ലപോലെ വ്യക്തമാകുന്നുണ്ടു്. ഇതു ആക്ഷേപാൎഹമല്ലെന്നും മറിച്ചു്, അദ്ദേഹത്തിന്റെ നിൎമ്മലവും, നിഷ്കളങ്കവുമായ മനോനിലയെ വെളിപ്പെടുത്തുന്ന ഒന്നാണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

ഹസ്റത്തു് മിർസാസാഹിബ് ദൈവത്തിന്റെ അധികാരങ്ങൾകൂടി തനിക്കുള്ളതായി വാദിച്ചുവെന്നുള്ള ആരോപണം അടിസ്ഥാനരഹിതം മാത്രമാണെന്നു ഞാൻ ആദ്യമേ പ്രസ്താവിച്ചു കഴിഞ്ഞു. എന്നാൽ ഇതേതരത്തിലുള്ള ആക്ഷേപം നബിതിരുമേനിയെകുറിച്ചു് ഒരു ഇസ്ലാംമതവൈരി ഉന്നയിക്കുകയാണെങ്കിൽ അതിന്നു ഈ ശത്രുക്കൾ നൽകുന്ന മറുപടി എന്തായിരിക്കും? നബിതിരുമേനിയുടെ വാദങ്ങൾ എങ്ങിനെ ക്രമപ്രവൃദ്ധമായി ഉയൎന്നുയൎന്നു പോയെന്നു നോക്കുക. 'ഞാൻ ദിവ്യവെളിപാടു് ലഭിക്കുന്ന ഒരു മനുഷ്യൻ മാത്രമാണ്,' 'ഞാൻ അനുസ്മരിപ്പിക്കുന്നവൻ മാത്രമാണ്,' 'ഞാൻ ജാഗ്രതപ്പെടുത്തുകയും സുവിശേഷം നൽകുകയും ചെയ്യുന്നവൻ മാത്രമാണ്,' 'ഞാൻ ദൈവത്തിന്റെ ഒരു ദൂതൻ മാത്രമാണ്'' എന്നിങ്ങനെ വാദിച്ച നബിതിരുമേനി (സ) പിന്നീടു് മുഴുലോകത്തിന്നും അനുഗ്രഹമാണ് താനെന്നു വാദിച്ചു [22]. ഒരാൾക്കു് അല്ലാഹുവിനോടു സ്നേഹമുണ്ടെങ്കിൽ തന്നെ അനുസരിക്കണമെന്നു അദ്ദേഹം വാദിച്ചു. എന്നു മാത്രമല്ല, തന്നെ അനുസരിക്കുന്നവൻ ദൈവത്തിന്റെ ഇഷ്ടത്തിന്നു പാത്രീഭൂതനായിത്തീരുമെന്നും അദ്ദേഹം വാദിച്ചു. [23] പിന്നീടദ്ദേഹം مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللّٰهَ ''റസൂലിനെ അനുസരിച്ചവൻ നിശ്ചയമായും അല്ലാഹുവിനെ അനുസരിച്ചു'' എന്നു വാദിച്ചു [24]. തന്റെ വിധി സസന്തോഷം സ്വീകരിക്കുകയും അതിന്നു പൂൎണ്ണ

---

[22] (21: 108) [23] (3: 32) [24] (4: 81)

Scanned by CamScanner

മായി വഴങ്ങുകയും ചെയ്യാത്തവർ ആരുംതന്നെ ഒരിക്കലും യഥാർത്ഥ ദൈവവിശ്വാസിയാകയില്ല എന്നു അദ്ദേഹം വാദിച്ചു. ഇങ്ങനെയദ്ദേഹം തൻെറ അധികാരസീമയെ വിപുലീകരിച്ചുകൊണ്ടേ പോന്നു. അങ്ങനെ ഒടുവിൽ തൻെറ കയ്യിൽ ബൈഅത്ത് ചെയ്യുന്നവർ അല്ലാഹുവിൻെറ കയ്യിൽ കൈവെച്ചുകൊണ്ടാണ് ബൈഅത്ത് ചെയ്യുന്നതെന്നും തൻെറ കൈ അല്ലാഹുവിൻെറ കൈയാണെന്നും നബിതിരുമേനി (സ) വാദിക്കുകയുണ്ടായി! നോക്കുക ഖുർആൻ പറയുന്നു: إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللَّهَ يَدُ اللَّهِ فَوْقَ أَيْدِيهِمْ ''നിശ്ചയമായും നിനക്ക് ബൈഅത്ത് ചെയ്യുന്നവർ അല്ലാഹുവിനു തന്നെയാണ് ബൈഅത്ത് ചെയ്യുന്നത്. അവരുടെ ഹസ്തങ്ങളിന്മേൽ ഉള്ളത് അല്ലാഹുവിൻെറ കൈയ്യാണ്'' [25]. മാത്രമല്ല, താൻ ചെയ്ത ഒരു പ്രവൃത്തിയെകുറിച്ച് അതു അല്ലാഹു ചെയ്തതാണെന്നുകൂടി അദ്ദേഹംപറഞ്ഞു. ഖുർആൻപറയുന്നു: وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ اللَّهَ رَمَىٰ ''നീയെറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത് അല്ലാഹുവാണ് എറിഞ്ഞത്'' [26]. ഒടുവിലായി മനുഷ്യരെല്ലാം തൻെറ അടിമകളാണെന്നുകൂടി അദ്ദേഹം വാദിച്ചു. ഖുർആൻ പറയുന്നു, قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ ''പറയുക, അല്ലയോ, തങ്ങളോട് അക്രമം പ്രവർത്തിച്ച എൻെറ അടിമകളെ! അല്ലാഹുവിൻെറ കാരുണ്യത്തെ സംബന്ധിച്ചു നിങ്ങൾ നിരാശരാവല്ല!'' [27]. ഈ ഉദ്ധാരണങ്ങളിൽനിന്ന് നബിതിരുമേനി(സ) പടിപ്പടിയായി തൻെറ സ്ഥാനാധികാരത്തെ ഉയർത്തിയുയർത്തി ഒടുവിൽ ദൈവാധികാരം തനിക്കുണ്ടെന്ന് വാദിക്കുകയാണ് ചെയ്തതെന്ന് ഒരു ഇസ്ലാംമതവിരോധി ആക്ഷേപിക്കാൻ മുതിരുകയാ

---

[25] (48: 11) [26] (8: 18) [27] (39: 53)

Scanned by CamScanner

ണെങ്കിൽ എന്തു സമാധാനമാണ് നൽകുക? തിരുമേനിയ്ക്ക് ബൈഅത്ത് ചെയ്യുന്നവർ അല്ലാഹുവിന്നു തന്നെയാണ് ബൈഅത്ത് ചെയ്യുന്നതെന്നും ബൈഅത്തു ചെയ്യുന്നവരുടെ കൈകളിന്മേൽ വെയ്ക്കപ്പെട്ട തിരുമേനിയുടെ കൈ അല്ലാഹുവിന്റെ കൈയ്യാണെന്നും പറഞ്ഞിരിക്കുന്നതിന്റെ താല്പര്യം അല്ലാഹുവിന്റെ അധികാരം തിരുമേനിക്കുണ്ടെന്നു മാത്രമല്ല, തിരുമേനി അല്ലാഹു തന്നെയാണെന്നു കൂടിയാണ് എന്നും, തിരുമേനിയുടെ കൈ അല്ലാഹുവിന്റെ കൈയാണെന്നു വരുമ്പോൾ ആദിവ്യാത്മാവിന്റെ മററവയവങ്ങൾ അല്ലാഹുവിന്റെ അവയവങ്ങളാണെന്നും അങ്ങനെ തിരുമേനി അല്ലാഹുതന്നെയാണെന്നും തെളിയുന്നുണ്ടെന്നും ഇസ്ലാംമത വൈരികളിൽ നീതിയും നെറിയും കെട്ടവർക്ക് എന്തുകൊണ്ടു ആക്ഷേപിച്ചു കൂടാ? അപ്പോലെതന്നെ, തിരുമേനി ചരൽ വാരിയെറിഞ്ഞതിനെകുറിച്ച് അത്ദേഹം എറിഞ്ഞതല്ല അല്ലാഹു എറിഞ്ഞതാണ് എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു്, തനിക്ക് അല്ലാഹുവിന്റെ അധികാരമുണ്ടെന്ന് മാത്രമല്ല താൻ അല്ലാഹുതന്നെയാണ് എന്നാണ് നബിതിരുമേനി(സ) വാദിച്ചിരിക്കുന്നത് എന്നു സിദ്ധിക്കുന്നു എന്നു ഒരാൾ ആക്ഷേപിക്കുകയാണെങ്കിൽ തീർച്ചയായും ആ ആക്ഷേപം ഹസ്രത്ത് അഹ്മദിനെകുറിച്ച് പുറപ്പെടുവിക്കപ്പെട്ട ഈ ആക്ഷേപത്തെപ്പോലുള്ളതായിരിക്കും. ഒടുവിൽ മനുഷ്യരെ ''എന്റെ അടിമകളെ!'' എന്നു സംബോധന ചെയ്തുകൊണ്ടു് അവർ തന്റെ ദാസന്മാരാണെന്നും അല്ലാഹുവിന്റെ അധികാരം തനിയ്ക്കുണ്ടെന്നുംകൂടി ആ ദിവ്യാത്മാവ് വാദിച്ചുവെന്നും ഒരാൾ പറയുകയാണെങ്കിൽ, ഹസ്രത്ത് മിർസാസാഹിബിനെകുറിച്ചുള്ള ഈ ആക്ഷേപത്തിന്റെ വെളിച്ചത്തിൽ അതൊരിക്കലും ന്യായരഹിതമായിരിക്കയില്ലല്ലോ. മുസ്ലിംകളിലുള്ള ചില കുരുട്ടജ്ഞാനികളും കള്ളശ്ശൈഖന്മാരും ഇത്തരം ആയത്തുകളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് നബി

തിരുമേനിയും അല്ലാഹുവും ഒന്നുതന്നെയാണെന്നു് പറയാറുള്ളത്. ഈ ആയത്തുകളെ എടുത്തു കാണിച്ചു നബിതിരുമേനി തനിയ്ക്കു് ദൈവാധികാരമുണ്ടെന്നു് വാദിച്ചുവെന്നു ആര്യസമാജികരം ആ ദിവ്യാത്മാവിനെ കുറിച്ചു് ആക്ഷേപിച്ചിട്ടുമുണ്ടു്. ചുരുക്കത്തിൽ, ഹസ്രത്തു് മിർസാ സാഹിബിനെകുറിച്ചുള്ള ഈ ആക്ഷേപം അടിസ്ഥാനവിഹീനമാണെന്നു മാത്രമല്ല, ഈ ആക്ഷേപത്തിനു ഹസ്റത്തു് മുഹമ്മദു് മുസ്തഫാ (സ) തിരുമേനി കൂടിയും ലക്ഷീഭവിക്കേണ്ടതാകുന്നുണ്ടെന്നും ഈ ശത്രുക്കരംക്കു് മനസ്സിലാക്കാൻ സാധിക്കാതെപോയി!

---

തീർച്ചയായും ഞാൻസത്യവാനും പരിഷ്കർത്താവുമാണു്, എന്നോടു് വിദ്വേഷം പുലർത്തുന്നതു വിഷവും ഞാനുമായി രഞ്ജിപ്പു് കൈക്കൊള്ളുന്നതു് രക്ഷാമാർഗ്ഗവുമത്രെ.

ഞാൻ സൽപന്ഥാവിൻെറ തോട്ടമാണു്. (ദൈവീക ജ്ഞാനത്തിൻെറ) ഊററുറവുകരം നിരന്തരമായി എന്നിലേക്കു് ഒഴുകി വന്നുകൊണ്ടിരിക്കുന്നു.

എൻെറ ആത്മാവു് സർവ്വോന്നതനായ അല്ലാഹുവിൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നതിന്നുള്ള പ്രാവോരാഗം പാടിക്കൊണ്ടിരിക്കുന്ന കുയിലോ ആണു്.

ഞാൻ അസമയത്തു് വ്യർത്ഥമായി നിങ്ങളുടെ അടുക്കൽ വന്നിട്ടില്ല. കാലം കൂരിരുട്ടുള്ള രാത്രി പോലെ ആയപ്പോഴാണു് ഞാൻ നിങ്ങളിലേക്കു് വന്നിട്ടുള്ളതു്.

ദീനിൻെറ ഫലപുഷ്പമായിരുന്ന വിളനിലങ്ങരം കടുത്ത വരരംച്ച നിമിത്തം ഇപ്പോരം തരിശായി തീന്നിരിക്കുകയാണു്.

— ഹസ്റത്തു് അഹ്മദു്(അ)